E
174 spl

# ഇരട്ടപ്പെരുക്കം

ഡോക്ടർ കെ. ഭാസ്കരൻനായർ

''സമ്പൽ പരമ്പര പരം പരി-
വൃദ്ധമാക്കി
മുമ്പമ്പലപ്പുഴ ഭരിച്ചു ധരാനി
ലിമ്പൻ
തുമ്പസ്സു കമ്പമെഴമമ്പിളി
കമ്പിളിക്കും
കമ്പിക്കു മാരുമിതി ചെമ്പക
ശ്ശേരി രാജാ.''

**കേ**രളത്തിന്റെ നെല്ലുപുരയെന്ന പേരുകേട്ട കുട്ടനാടൻ പ്രദേശങ്ങൾ ഉൾപ്പെട്ട ചെമ്പകശ്ശേരി രാജ്യം ഭരിച്ചിരുന്ന നമ്പൂതിരി രാജവംശത്തെപ്പററി സാഹിത്യ പഞ്ചാനനൻ പി.കെ. നാരായണ പിള്ള എഴുതിയ പ്രശംസയാണിതു്. ദേവനാരായണൻ എന്ന സ്ഥാനപ്പേരു സ്വീകരിച്ചിരുന്ന ഈ വംശത്തിൽചതുരംഗംകളിക്കുന്നതിൽ ഭ്രമമുള്ള ഒരു രാജാവുണ്ടായിരുന്നു. തന്റെബുദ്ധിശക്തിയിലും ധനധാന്യ സമൃദ്ധിയിലും അഹങ്കാരം പൂണ്ട ഈ രാജാവു് ഒരിക്കൽ പന്തയം വെച്ചുള്ളകളിയിൽ തന്നെ തോല്പിക്കുവാൻ മററു കളിക്കാരെവെല്ലുവിളിച്ചു. വെറും സാധാരണക്കാരനായ ഒരു സാധുമനുഷ്യനാണു് വെല്ലുവിളിസ്വീകരിച്ചു് പന്തയത്തിൽപങ്കെടുക്കുവാൻ വന്നതു്. അയാളെ കണ്ടപ്പോൾ തന്നെ രാജാവിനു അനുതാപം തോന്നി. ''നീയാരു്? എന്നെ തോൽപിക്കാൻ വന്നിരിക്കുകയാണോ? കൊള്ളാം! ഏതായാലും വരാൻ ധൈര്യപ്പെട്ടല്ലോ. എന്നെ തോല്പിച്ചാൽ എന്തുവേണം പന്തയം?''

## ഒരു പന്തയത്തിൻെറ കഥ

എതിരാളി രാജാവിനെ താണുവണങ്ങിക്കൊണ്ടു് മറുപടി പറഞ്ഞു: ''വലുതായിട്ടൊന്നുംവേണ്ട. ഞാൻ തോററാൽ എൻെറ കൈയിൽ തരാനൊന്നുമില്ല. അതറിഞ്ഞു വേണമല്ലോ പന്തയം ചോദിക്കാൻ. തിരുമേനി മഹാപ്രഭുവാണു്. രാജാവാണു്. ഒരിക്ക

Digitized by Kerala Sahitya Akademi

ലും തോററിട്ടില്ലാത്ത കളിക്കാര നമാണ്. ഏതായാലും ഞാൻ ജ യിക്കുകയാണെങ്കിൽ എനിക്കു കുറെ നെന്മണികൾ തന്നാൽ മ തി. 64 കളമുള്ള ചതുരംഗപ്പല കയിൽ ആദ്യത്തെ കളത്തിൽ ഒരു നെന്മണി വെയ്ക്കണം. രണ്ടാമ ത്തെകളത്തിൽ രണ്ട്. മൂന്നാമ ത്തേതിൽ നാല്. നാലാമത്തേ തിൽ എട്ട്. അഞ്ചാമത്തേതിൽ 16. ആറാമത്തേതിൽ 32. ഇങ്ങ നെ ഇരട്ടപ്പെരുക്കത്തിൽ 64 കള വും പൂർത്തിയാക്കി കിട്ടുന്ന നെന്മ ണി മാത്രമേ ഞാൻ ചോദിക്കുന്നു ള്ളൂ.''

ദേവനാരായണൻ പൊട്ടിച്ചി രിച്ചു. ''ഇതാണോ പന്തയം? ശ രി. സമ്മതിച്ചിരിക്കുന്നു. കളിതു ടങ്ങാം.''

തുടങ്ങി. ഒന്നുരണ്ട് കരുനീക്ക ങ്ങൾ കണ്ടപ്പോൾ എതിരാളി താ ൻ വിചാരിച്ചതു പോലെ മോശ ക്കാരനല്ലെന്ന് രാജാവിനു മന സ്സിലായി. അദ്ദേഹം ആദ്യത്തെ ലഘുബുദ്ധിയെല്ലാം ഉപേക്ഷി ച്ച് നല്ലതുപോലെ ആലോചിച്ചു തന്നെ കളിക്കുവാൻ നിശ്ചയിച്ചു. എളുപ്പത്തിൽ ജയിക്കാമെന്നാണ് അദ്ദേഹം വിചാരിച്ചത്. അതു് സാദ്ധ്യമല്ലെന്നു വളരെ വേഗം ബോദ്ധ്യമായി. എന്നല്ല, കളി നീണ്ടുപോയപ്പോൾ എതിരാളി തന്നെതോല്പിച്ചു കളയുമോ എന്ന ആശങ്കയും ഉണ്ടായി. പന്തയം സാരമില്ല; പക്ഷേ ഒരിക്കലും തോററിട്ടില്ലാത്ത കളിക്കാരൻ എ ന്ന തന്റെയശസ്സിന് ഹാനി തട്ടു മല്ലോ എന്നായിരുന്നു ഭയം.

അവസാനമായപ്പോൾ വളരെ വാശിയോടെ തന്റെ ബുദ്ധി വൈഭവം മുഴുവനും പ്രയോഗിച്ചു, എതിരാളിയെ തോല്പിക്കുവാൻ ദേവനാരായണൻ ശ്രമിച്ചു. പഠി ച്ചപണി പതിനെട്ടും നോക്കി. എങ്കിലും അദ്ദേഹം ഭയപ്പെട്ടതു പോലെ തന്നെ സംഭവിച്ചു. രാ ജാവു കളിയിൽ തോററ് അടിയ റവു പറഞ്ഞു. എതിരാളിയുടെ നേർക്ക് അദ്ദേഹത്തിനു് അളവററ ആദരവുതോന്നി. നെന്മണിപ്പന്ത യം പോരെന്നും വിലപിടിപ്പുള്ള സമ്മാനങ്ങൾ സ്വീകരിക്കണമെ ന്നും അദ്ദേഹം നിർബ്ബന്ധിച്ചു. താ ൻ സാധുവാണെങ്കിലും സത്യനി ഷ്ഠയുള്ളവനാണെന്നും, പറഞ്ഞ വാക്കിൽ നിന്നു് കടുകിടമാറുക യില്ലെന്നും, നെന്മണി മാത്രമേ തനിക്കു വേണ്ടുഎന്നും എതിരാളി വിനയപൂർവ്വം ഉറപ്പിച്ചുപറഞ്ഞു. അനല്പമായ അത്ഭുതത്തോടെ രാ ജാവ്അതിന്നു വഴങ്ങി. നെല്ലു കൊണ്ടുവരുവാൻ ആജ്ഞാപിച്ചു.

## അമ്പലപ്പുഴ പാല്പായസ ത്തിന്റെ ഐതിഹ്യം

കണക്കു് തെററരുതെന്നും, ഓ രോ കളത്തിലായി നെന്മണിക ൾ എണ്ണിവെയ്ക്കണമെന്നും എതി രാളി നിർബന്ധംപിടിച്ചു. അ തും ഒരു കളിയെന്നുകരുതി രാജാ വ് ചതുരംഗപ്പലകയിൽ പന്തയ ധാന്യം നിരത്തുവാൻ തുടങ്ങി. പക്ഷേ ആദ്യത്തെ പത്തുപന്ത്രണ്ടു കളങ്ങൾ പൂർത്തിയായപ്പോൾ ത ന്നെ നെല്ല് കളത്തിൽ കൊള്ളാ തായി. ഓരോരോ മണികളായി എണ്ണുവാനുംബുദ്ധിമുട്ടനേരിട്ടു. രാ ജാവിന്റെ പ്രയാസം കണ്ടു് എ തിരാളി: ''എണ്ണണമെന്നില്ല. ബാക്കിയുള്ളതു് നിലത്തു്അളന്നു കൂട്ടിയാൽ മതി'' എന്നു പറഞ്ഞു.


Digitized by Kerala Sahitya Akademi




ഉടനെ രാജസേവകന്മാർ അളവു തുടങ്ങി. പക്ഷേ നാഴിയും ഇടങ്ങഴിയും പറയും കൊണ്ടൊന്നും അളന്നാൽ തീരുകയില്ലെന്നു് വളരെ വേഗം വ്യക്തമായി. 64 കളങ്ങളിൽ പകുതിപോലും ആകുന്നതിനുമുമ്പു് അളവും മതിയാക്കേണ്ടിവന്നു. പിന്നെ പത്തായങ്ങളുടേയും അറകളുടെയും നെൽപ്പുരകളുടെയും എണ്ണം നോക്കി കണക്കു തികയ്ക്കുവാൻ ശ്രമിച്ചു. അതുകൊണ്ടും രക്ഷയില്ലെന്നു കണ്ടപ്പോൾ കുട്ടനാട്ടിന്റെ അധീശനായ ദേവനാരായണൻ തന്റെ രാജ്യത്തുള്ള നെല്ലുമുഴുവനും പന്തയത്തിന്റെ കടംവീട്ടുവാൻ നീക്കിവെച്ചു. അതുകൊണ്ടും ഫലമില്ലെന്നു് അദ്ദേഹം ക്ഷണേന മനസ്സിലാക്കി. ഇരട്ടപ്പെരുക്കമാണു്. വല്ലവിധേനയും ഒരുകളം പൂർത്തിയാക്കി അടുത്തതിൽ പ്രവേശിക്കുമ്പോൾ അതിന്റെ ഇരട്ടി നെല്ലു വേണം എന്തുചെയ്യും! എവിടെ പോകും. തകഴിയും പുളിങ്കുന്നും കാവാലവും കൈനകരിയും തലവടിയും കോഴിമുക്കും എന്നുവേണ്ട കുട്ടനാട്ടിലെ കരികളും കരകളും പാടശേഖരങ്ങളും എല്ലാം നീക്കി വെച്ചിട്ടും കളങ്ങൾ തീർന്നില്ല. രാജാവു് അന്ധാളിച്ചു. കളിക്കാരനെന്നുള്ള യശസ്സോ പോയി. വാഗ്ദാനം ചെയ്ത പന്തയ നെല്ലുപോലും കൊടുത്തു തീർക്കുവാൻ തനിക്കു് കഴിവില്ലെന്നു് ഒരു ഞെട്ടലോടെ ദേവനാരായണൻ മനസ്സിലാക്കി. ഈ ബോധോദയത്തിൽ ബുദ്ധിമാനെന്നും ധനവാനെന്നും ഉള്ള അദ്ദേഹത്തിന്റെ അഹങ്കാരം അസ്തമിച്ചു. കിരാതത്തിലെ അർജ്ജുനനെപ്പോലെ സപ്തനാഡികളും തളർന്ന രാജാവു് എതിരാളിയുടെ മുഖത്തു് ദീനഭാവത്തിൽ നോക്കി. സാധുവായ ആ ചതുരംഗക്കാരന്റെ സ്ഥാനത്തു് പുഞ്ചിരിതൂകിക്കൊണ്ടു് നില്ക്കുന്ന സാക്ഷാൽശ്രീകൃഷ്ണനെയാണു് അദ്ദേഹം ആസമയത്തുകണ്ടതു്. രാജാവു് ആ തൃച്ചേവടികളിൽ സാഷ്ടാംഗം പ്രണമിച്ചു് ക്ഷമായാചനം ചെയ്തു. "പന്തയം തീർന്നു. എനിക്കു്, ദിവസവും പാൽപായസം നിവേദിച്ചു കടം വീട്ടുക." എന്നു കാരുണ്യപൂർണ്ണേക്ഷണനായി അരുളിച്ചെയ്തു് അനുഗ്രഹിച്ച ശേഷം ഭഗവാൻ അന്തർധാനം ചെയ്തു.

## ജനപ്പെരുപ്പം ഇരട്ടിക്കുന്നു

ഇതാണു് അമ്പലപ്പുഴ പാല്പായസത്തിന്റെ കഥ. ആ നിവേദ്യം എത്രയോ മധുരമാണെങ്കിലും അതിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ഐതിഹ്യത്തിൽ അന്തർഭവിച്ചിട്ടുള്ള ഇരട്ടപ്പെരുക്കം എന്ന കണക്കു് അത്യന്തം ആപത്തുള്ളതാകുന്നു. ഇന്നു് ഭൂമിയിലെ ജനസംഖ്യയുടെ കാര്യം നോക്കുക. അതു് കേവലം നൂറു കൊല്ലത്തിനിടയ്ക്കു് മൂന്നു തവണ ഇരട്ടിക്കുന്ന


Digitized by Kerala Sahitya Akademi

നിലയിൽ എത്തിയിരിക്കുകയാണ്. ശരിയായ ഇരട്ടപ്പെരുക്കം തന്നെ. 1970- ലെ കണക്കനുസരിച്ച് ഭൂമിയിൽ ആകപ്പാടെ 363 കോടി മനുഷ്യരുണ്ട്. 33 വർഷം കഴിയുമ്പോൾ അത് 726 കോടിയാകും — ക്രിസ്തു വർഷം 2003-ൽ. വീണ്ടും 33 വർഷം കഴിയുമ്പോൾ (2036-ൽ) 1452 കോടി. ഇത്ര വളരെ ആത്മാക്കൾക്ക് കുടിക്കാനുള്ള വെള്ളമെന്നല്ല, ശ്വസിക്കാനുള്ള പ്രാണവായു പോലും ഭൂമിയിൽ കിട്ടുകയില്ല. അതുകൊണ്ടാണ് ജനപ്പെരുപ്പത്തെ എത്രയും വേഗം നിയന്ത്രിച്ചില്ലെങ്കിൽ മനുഷ്യവർഗ്ഗം നാമാവശേഷമാകുമെന്ന് എല്ലാ രാജ്യക്കാരും മുറവിളി കൂട്ടിത്തുടങ്ങിയിരിക്കുന്നത്. ഇന്ത്യയും ചൈനയും മാത്രമല്ല യൂറോപ്പും അമേരിക്കയും ആഫ്രിക്കയും എല്ലാം ജനസംഖ്യയുടെ ഇരട്ടപ്പെരുക്കം മൂലമുള്ള ആപത്തിനെ അഭിമുഖീകരിക്കുകയാണ്. തന്നെ ജയിക്കുവാൻ ത്രിഭുവനങ്ങളിൽ ആരുമില്ല എന്ന അഹങ്കാരമാണ് മനുഷ്യനെ ഈ നിലയിൽ എത്തിച്ചത്. പ്രകൃതിയെ കീഴടക്കാമെന്നും അനന്തമായ പുരോഗതിയിലൂടെ അഭംഗുരമായ ഐശ്വര്യം അനുഭവിക്കാമെന്നും അവൻ വ്യാമോഹിക്കുന്നു. ഭാവിപരമ്പരകളെക്കുറിച്ചുള്ള ചിന്തപോലും ഇല്ലാതെയാണ് അവൻ ഭൂമിയിലെ വിഭവങ്ങൾ തിന്നുതീർക്കുന്നത്. പക്ഷേ വെറും എഞ്ചുവടി കണക്കു കൊണ്ട് പ്രകൃതി അവനെ തോല്പിച്ച്, അഹങ്കാരം നശിപ്പിച്ച് ഈ നൂററാണ്ട് അവസാനിക്കുന്നതിനു മുമ്പു തന്നെ അടിയറവു പറയിക്കുമെന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു. ദുർമ്മരണങ്ങളെ നിയന്ത്രിച്ചതു പോലെ, കഷ്ടപ്പെട്ടുവാൻ വേണ്ടിയുള്ള ജനനങ്ങളേയും നിയന്ത്രിക്കുക — അല്ലെങ്കിൽ ഒന്നോടെ നശിക്കുക എന്ന രണ്ടു പോം വഴികളേയുള്ളു.


Digitized by Kerala Sahitya Akademi